പതിനാറാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1432 **01-07-2026-ൽ മറുപടിയ്ക്ക്**

<u>ക്ലീൻ എയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ നടപടി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ക്ലീൻ എയർ ആക്ഷൻ പ്ലാൻ കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> നാഷണൽ ക്ലീൻ എയർ പ്രോഗ്രാം (NCAP) പ്രകാരം നോൺ-അറ്റെയ്ൻമെന്റ് സിറ്റികൾക്കായി (NACs) സിറ്റി സ്പെസിഫിക് ക്ലീൻ എയർ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ നിലവിൽ കേരളത്തിൽ നോൺ-അറ്റെയ്ൻമെന്റ് സിറ്റികൾ ഇല്ലാത്തതിനാൽ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (CPCB) മാർഗനിർദേശങ്ങൾ അനുസരിച്ച് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ (SAP) തയ്യാറാക്കി ഉത്തരവാദിത്തപ്പെട്ട വകുപ്പുകൾ മുഖേന ആയത് നടപ്പിലാക്കി വരുന്നു.

(ബി) വികസന പദ്ധതികൾക്കായി അനുമതി നൽകുമ്പോൾ പച്ചപ്പ് നിലനിർത്താൻ നിർബന്ധമാക്കിയിട്ടുള്ള കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ സംസ്ഥാനത്ത് കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ;

<u>മറുപടി:</u> ഉണ്ട്.

കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ ഇവയാണ് :

1. കോമ്പൻസേറ്ററി അഫോറസ്റ്റേഷന് അനുയോജ്യമായ ഭൂമി സമയബന്ധിതമായി കണ്ടെത്തുന്നു.

2. അംഗീകൃത Annual Plan of Oper ation (APO) പ്രകാരം തദ്ദേശീയ സാഹചര്യങ്ങൾക്ക് അനുയോജ്യമായ ഇനങ്ങളിലെ തൈകൾ നട്ടുപിടിപ്പിക്കുന്നു.

3. നടീൽ കഴിഞ്ഞുള്ള സംരക്ഷണത്തിനും തുടർപരിപാലനത്തിനും പ്രത്യേക പ്രാധാന്യം നൽകുന്നു.

4. ഫീൽഡ് തലത്തിലും ഉന്നതതലത്തിലും സ്ഥിരമായ പരിശോധനകളും അവലോകനങ്ങളും നടത്തി പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

5. കോമ്പൻസേറ്ററി അഫോറസ്റ്റേഷനുമായി ബന്ധപ്പെട്ട ധനവിനിയോഗം, പ്രവർത്തന പുരോഗതി, ഫലപ്രാപ്തി എന്നിവ ഡിവിഷൻ, സർക്കിൾ, വനം വകുപ്പാസ്ഥാനം, National CAMPA എന്നീ തലങ്ങളിൽ കാലാനുസൃതമായി അവലോകനം ചെയ്യുന്നു.

6. ഇതുകൂടാതെ, സ്വതന്ത്ര ഏജൻസികൾ മുഖേന പ്രവർത്തനങ്ങളുടെ നിരീക്ഷണവും പുരോഗതി വിലയിരുത്തലും നടത്തി വരുന്നു.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഇക്കോ-ടൂറിസം പദ്ധതികൾ പ്രകൃതിക്ക് ദോഷം വരുത്താത്ത രീതിയിലാണെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള single Use Plastic (SUP) വനങ്ങളിലും നാഷണൽ പാർക്കുകളിലും, വന്യജീവി സങ്കേതങ്ങളിലും, കടുവ സങ്കേതങ്ങളിലും എത്തുന്നില്ല എന്ന് ഉറപ്പാക്കും. വനങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യം ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിന് സൗകര്യമൊരുക്കും. വനം വന്യജീവി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ മാലിന്യ നിക്ഷേപം ഉണ്ടോ എന്ന് സർവ്വേ നടത്തി അപ്രകാരം കാണുന്ന പക്ഷം അവ ശേഖരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കും.

(ഡി) ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയെയും ജീവജാലങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ശാസ്ത്രീയ പഠനം നടത്തുമോ; വ്യക്തമാക്കാമോ?

മറുപടി: വലിയ തോതിലുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യങ്ങളിൽ, ജലാശയങ്ങളുടെ ആവാസ വ്യവസ്ഥയിലും ജീവജാലങ്ങളിലുമുണ്ടാകാനിടയുള്ള പരിസ്ഥിതി ആഘാതങ്ങൾ വിലയിരുത്തുന്നതിനായി, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആവശ്യമായിടത്ത് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതാണ്. അത്തരം പഠനങ്ങളുടെ കണ്ടെത്തലുകളും, ബന്ധപ്പെട്ട നിയമാനുസൃത അനുമതികളും അടിസ്ഥാനമാക്കിയാകും പദ്ധതി നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 01-07-2026-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത 1432-ാ ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നിയമസഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം.

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 'ക്ലീൻ എയർ ആക്ഷൻ നടപ്പിലാക്കാൻ നടപടി' എന്ന വിഷയത്തിൽ എം.എൽ.എ-മാരായ ശ്രീ.വി.പി. സജീന്ദ്രൻ, ശ്രീ.സേനാപതി വേണു, ശ്രീ.അബിൻ വർക്കി കോടിയാട്ട്, ശ്രീ.സി.വി.ശാന്തകുമാർ എന്നിവർ ഉന്നയിച്ചതും **01-07-2026**-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത **1432**-ാ ാം നമ്പർ നിയമസഭാ ചോദ്യത്തിന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചും, മറ്റു വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടിയും വന്നതിനാലാണ് യഥാസമയം മറുപടി സമർപ്പിക്കാൻ കഴിയാതിരുന്നതെന്നും ആയതിൽ ബോധപൂർവ്വമായ് കാലതാമസം വരുത്തിയിട്ടില്ലെന്നും അറിയിക്കുന്നു.

വി. ഡി സതീശൻ.
മുഖ്യമന്ത്രി